**പാഠം 8** **ആഗസ്റ്റ് 13–18**

# അടിമകളിൽനിന്ന് അവകാശികളിലേക്ക്

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: ഗലാ. 3:26–4:20; റോമ. 6:1–11; എബ്രാ. 2:14–18; 4:14,15; റോമ. 9:4,5.**

**മനഃപാഠവാക്യം: "നീ ഇനി ദാസനല്ല പുത്രനത്രേ; പുത്രനെങ്കിലോ ദൈവഹിതത്താൽ അവകാശിയും ആകുന്നു" (ഗലാ. 4:7).**

പൗലൊസ് ഗലാത്യരോട് പറയുന്നത് അവർ അടിമകളായല്ല, സകല അവകാശങ്ങളോടും പ്രത്യേക അധികാരത്തോടും ദൈവത്തിന്റെ പുത്രീപുത്രന്മാരായി ജീവിക്കണമെന്നാണ്; യുവാവായ മാർട്ടിൻ ലൂഥർ കേൾക്കേണ്ട ഒരു സത്യം. പാപത്തെക്കുറിച്ചുള്ള അവന്റെ ബോദ്ധ്യം ആഴത്തിലായപ്പോൾ, സമാധാനവും ക്ഷമയും ലഭിക്കുന്നതിന് അവൻ അവന്റെ സ്വന്തപ്രവൃത്തികളാൽ ശ്രമിച്ചു. അവൻ വളരെ കഠിനമായ ജീവിതം നയിച്ചു. ഉപാവാസത്തിലൂടെ പരിശ്രമിച്ചുകൊണ്ട്, ജാഗരണത്തിലൂടെ അവന്റെ പ്രകൃതത്തിലെ തിന്മകളെ അടക്കുവാൻ ചാട്ടവാറുകൊണ്ട് അടിക്കുക, അവന്റെ സന്യാസജീവിതംപോലും ഇതിൽ നിന്നൊന്നും അവന് മോചനം നൽകിയില്ല. ദൈവമുൻപാകെ സ്വീകാര്യനായി നിൽക്കുമ്പോൾ തക്ക ഹൃദയശുദ്ധിയുണ്ടാകുവാൻ അവൻ ഒരു യാഗത്തിൽനിന്നും പിന്മാറിയില്ല. അവൻ പില്കാലത്ത് പറഞ്ഞു. അവന്റെ സന്യാസാശ്രമം ആവശ്യപ്പെടുന്ന സകല നിയമങ്ങളും കർശനമായി പാലിക്കുന്ന ഒരു ഭക്തനായ പാതിരിയായിരുന്നു അവൻ. എന്നിട്ടുകൂടി അവന് ആന്തരിക സമാധാനം ലഭ്യമായില്ല. "ഒരു സന്യാസിക്ക് എന്നെങ്കിലും അവന്റെ സന്യാസ ശ്രമങ്ങളിലൂടെ സ്വർഗ്ഗം ലഭിക്കുമെങ്കിൽ, നിശ്ചയമായും ഞാനതിന് അർഹനായിരുന്നു." എന്നിട്ടുകൂടി അതവന് പ്രാവർത്തികമായില്ല.

ഗലാത്യരിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ പിന്നീട് ക്രിസ്തുവിലുള്ള രക്ഷയുടെ സത്യം അവൻ മനസ്സിലാക്കിയപ്പോഴാണ് അവന് ഏതെങ്കിലും തരത്തിലുള്ള ആത്മീയ സ്വാതന്ത്ര്യം ഉണ്ടായതും അവന്റെ ആത്മാവിനെക്കുറിച്ച് പ്രത്യാശയുണ്ടായതും. അതിന്റെ ഫലമായി, നമ്മുടെ ലോകം പിന്നീടൊരിക്കലും പഴയപടി ആയില്ല.

ആഗസ്റ്റ് 19 ലെ ശബ്ബത്തിത്തനായി ഒരുങ്ങുവാൻ ഈയാഴ്ചയിലെ പാഠം പഠിക്കുക.

**ഞായർ** **ആഗസ്റ്റ് 13**

**ക്രിസ്തുവിൽ നമ്മുടെ അവസ്ഥ (ഗലാ. 3:26–29)**

**ഗലാത്യർ 3:25 മനസ്സിൽ വെച്ചുകൊണ്ട്, ഗലാത്യർ 3:26 വായിക്കുക. ന്യായപ്രമാണത്തോടുള്ള നമ്മുടെ ബന്ധം എന്തെന്ന് മനസ്സിലാക്കുവാൻ ഈ വാക്യം നമ്മെ എങ്ങനെ സഹായിക്കുന്നു?**

26-ാം വാക്യത്തിന്റെ ആരംഭം കാണിക്കുന്നത് ഈ വാക്യവും അതിന് മുൻപിലുള്ളതുമായി പൗലൊസ് നേരിട്ടുള്ള ഒരു ബന്ധം കാണുന്നുവെന്നാണ്. ഒരു യജമാനന്റെ മകൻ ശിശുപാലകന്റെ കീഴിൽ ബാല്യത്തിൽ മാത്രമാണ് എന്നതുപോലെ ക്രിസ്തുവിലേക്ക് വിശ്വാസത്താൽ വരുന്നവർ ഇനി ബാലരല്ല; ന്യായപ്രമാണവുമായുള്ള അവരുടെ ബന്ധം മാറ്റപ്പെട്ടിരിക്കുന്നു. കാരണം അവരിപ്പോൾ ദൈവത്തിന്റെ മുതിർന്ന "പുത്രന്മാരാണ്." പുത്രൻ എന്ന വാക്ക് നിശ്ചയമായും പുരുഷന്മാർക്ക് മാത്രമല്ല; പൗലൊസ് വ്യക്തമായും സ്ത്രീകളെയും ഈ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നു (ഗലാ. 3:28). കുട്ടികൾ എന്നതിനു പകരം അവൻ പുത്രന്മാരെന്ന് ഉപയോഗിക്കുന്നതിനു കാരണം അവന്റെ മനസ്സിൽ കുടുംബത്തിലെ പുരുഷപ്രജകൾക്ക് കൈമാറുന്ന അനന്തരാവകാശം ഉണ്ടെന്നതാണ്, അതോടൊപ്പം യിസ്രായേല്യരെ വിശേഷിപ്പിക്കാൻ പഴയനിയമത്തിൽ ഉപയോഗിച്ച പ്രത്യേക പദശകലം "ദൈവത്തിന്റെ പുത്രന്മാർ" എന്നായിരുന്നു. (ആവ. 14:1; ഹോശേ. 11:1). യിസ്രായേല്യർക്ക് മാത്രമുണ്ടായിരുന്ന ദൈവവുമായുള്ള പ്രത്യേക ബന്ധം ഇപ്പോൾ ജാതികളും ആസ്വദിക്കുന്നു.

**സ്നാനം ഒരു സുപ്രധാന കാര്യമാകുന്നതെന്തുകൊണ്ട്? ഗലാ. 3:27,28; റോമ. 6:1–11; 1 പത്രൊ. 3:21.**

26-ാം വാക്യത്തിലുപയോഗിച്ച അതേവാക്ക് 27 ലും ഉപയോഗിച്ചിരിക്കുന്നത് അവന്റെ യുക്തിയുടെ വികസനത്തെ സൂചിപ്പിക്കുന്നു. നമ്മുടെ ജീവിതങ്ങളെ ക്രിസ്തുവുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു സമൂല തീരുമാനമായി പൗലൊസ് സ്നാനത്തെ കാണുന്നു. റോമർ 6 ൽ അവൻ സ്നാനത്തെ യേശുവുമായുള്ള കൂടിച്ചേരലിന്റെ ചിഹ്നമായി വർണ്ണിക്കുന്നു. അവന്റെ മരണത്തിലും ഉയിർപ്പിലും ഗലാത്യരിൽ പൗലൊസ് ഒരു വ്യത്യസ്തമായ അലങ്കാരം ഉപയോഗിക്കുന്നു. സ്നാനം എന്നത് ക്രിസ്തുവിനാൽ ധരിക്കപ്പെടുകയെന്നാണ്. രക്ഷയാലും നീതിയാലും ധരിക്കപ്പെടുക എന്നതിനെക്കുറിച്ച് സംസാരിക്കുന്ന ആശ്ചര്യകരമായ പഴയനിയമ പാഠഭാഗങ്ങളെ ഓർമ്മിപ്പിക്കുന്നതാണ് പൗലൊസിന്റെ വാക്കുകൾ (യെശ. 61:10; ഇയ്യോ. 29:14 കാണുക). ക്രിസ്തു ഒരു വസ്ത്രംപോലെ ഒരു വിശ്വാസിയെ മൂടുന്ന നിമിഷത്തെയാണ് പൗലൊസ് സ്നാനമായി കാണുന്നത്. അവൻ ആ വാക്ക് പ്രയോഗിക്കുന്നില്ലെങ്കിലും, പൗലൊസ് വിശ്വാസികൾക്കുമേൽ വെക്കപ്പെടുന്ന നീതിയെയാണ് അവൻ വർണ്ണിക്കുന്നത്." Frank J. Matera,Galatians (Collegeville മിഷിഗൺ; the Liturgical press, 1992) p.145 സ്നാനത്തിലൂടെ സൂചിപ്പിക്കപ്പെടുന്ന ക്രിസ്തുവുമായുള്ള നമ്മുടെ ഐക്യത്തിനർത്ഥം ക്രിസ്തുവിന് സത്യമായിരിക്കുന്നത് നമുക്കും സത്യമാണെന്നാണ്. കാരണം ക്രിസ്തു അബ്രഹാമിന്റെ "സന്തതിയാണ്" "ക്രിസ്തുവുമായി കൂട്ടവകാശികൾ" എന്നപോലെ (റോമർ 8:17), വിശ്വാസികളും അബ്രഹാമിനും, സന്തതികൾക്കും നൽകപ്പെട്ട വാഗ്ദത്തങ്ങൾക്ക് അവകാശികളാണ്.

**ക്രിസ്തുവിന് സത്യമായിരിക്കുന്നത് നമുക്കും സത്യമാണെന്നുള്ള ചിന്തയെക്കുറിച്ച് ചിന്തിക്കുക. എങ്ങനെയാണ് ഈ ആശ്ചര്യകരമായ സത്യം നമ്മുടെ നിലനില്പിന്റെ എല്ലാ കാര്യങ്ങളെയും സ്വാധീനിക്കേണ്ടത്?**

**ആദിപാഠങ്ങളിൻ കീഴിൽ അടിമപ്പെട്ടിരുന്നു.**

ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ പുത്രന്മാരുടെയും അവകാശികളുടെയും ആയി ഇപ്പോൾ താരതമ്യം ചെയ്തിട്ട്, പൗലൊസ് ഈ അലങ്കാരത്തെ വിപുലീകരിക്കുന്നത് അനന്തരാവകാശം എന്ന കേന്ദ്ര ആശയത്തെ ഗലാ. 4:1-3 ൽ ഉൾപ്പെടുത്തിക്കൊണ്ടാണ്. പൗലൊസിന്റെ വാക്കുകൾ ഉയർത്തുന്ന സാഹചര്യത്തിൽ ഒരു വലിയ തോട്ടമുടമ മരിക്കുകയും അവന്റെ സകല സ്വത്തുക്കളും അവന്റെ മൂത്ത മകന് വിച്ചേട്ടു പോകുകയും ചെയ്യുന്നു. അവന്റെ മകനാകട്ടെ ഇപ്പോഴും ശിശുവാണ്. വിൽപത്രങ്ങളുടെ കാര്യത്തിൽ ഇന്നും മിക്കപ്പോഴും സംഭവിക്കുന്നതുപോലെ, അവന്റെ പിതാവിന്റെ വിൽപത്രം വ്യവസ്ഥ ചെയ്യുന്നത്, അവന്റെ മകൻ പ്രായപൂർത്തിയാക്കുന്നതുവരെ രക്ഷകൻമാരുടെയും ഗൃഹവിചാരകന്മാരുടെയും മേൽനോട്ടത്തിലായിരിക്കണമെന്നാണ്. ഉടമസ്ഥാവകാശംകൊണ്ട് അവന്റെ പിതാവിന്റെ ഉടമയാണെങ്കിലും പ്രായപൂർത്തിയാക്കാത്തവൻ എന്ന നിലയിൽ പ്രായോഗിക ജീവിതത്തിൽ അവൻ ഒരടിമയെക്കാൾ ഒട്ടും വ്യത്യസ്തനായിരുന്നില്ല.

പൗലൊസിന്റെ ഉപമ ഗലാ. 3:24 ലുള്ള ശിശുപാലകന്റേതിനു സമമാണ്, എന്നാൽ ഈ സന്ദർഭത്തിൽ രക്ഷകന്മാരുടെയും ഗൃഹവിചാരകന്മാരുടെയും അധികാരങ്ങൾ കൂടുതൽ പ്രാധാന്യമുള്ളതും മേൽത്തരവുമായിരുന്നു. ആ യജമാനന്റെ മകനെ വളർത്തിക്കൊണ്ട് വരുന്നതിൽ മാത്രമല്ല അവരുടെ ഉത്തരവാദിത്വം, പിന്നെയോ പുത്രന് പ്രായപൂർത്തിയാകുന്നതുവരെ അവരാണ് സകല ഭരണപരവും സാമ്പത്തികവുമായ കാര്യങ്ങൾക്ക് ചുമതലപ്പെട്ടവർ, ആ കടമകൾ പുത്രൻ സ്വയം കൈകാര്യം ചെയ്യാൻ പ്രാപ്തനാകുംവരെ

**ഗലാ. 4:1-3 വായിക്കുക. നാം ഇപ്പോൾ ക്രിസ്തുവിലായിരിക്കുന്നതുകൊണ്ട് നമ്മുടെ ജീവിതങ്ങളിൽ ന്യായപ്രമാണത്തിന് എന്താണ് പങ്കെന്നന് വ്യക്തമാക്കുന്നതിൽ സഹായിക്കുന്നഎന്ത് കാര്യമാണ് പൗലൊസ് അവിടെ പറയുന്നത്?**

"ആദിപാഠങ്ങളിൽ കീഴിൽ അടിപ്പെട്ടിരിക്കുന്നു" എന്ന പദപ്രയോഗംകൊണ്ട് പൗലൊസ് കൃത്യമായി എന്താണ് അർത്ഥമാക്കുന്നത് എന്നത് തർക്കവിഷയമാണ്. ഗ്രീക്ക് വാക്കായ Stoicheia എന്നതിന്റെ യഥാർത്ഥ അർത്ഥം "ഘടകാംശം"എന്നാണ്. ചിലർ അതിനെ പ്രപഞ്ചം ഉണ്ടാക്കപ്പെട്ടിരിക്കുന്ന അടിസ്ഥാന ഘടകങ്ങളുടെ ഒരു വർണ്ണനയായി കാണപ്പെടുന്നു. (2 പത്രൊ. 3:10,12); അല്ലെങ്കിൽ ഈ ദുഷ്ടകാലഘട്ടത്തെ നിയന്ത്രിക്കുന്ന അശുദ്ധാത്മ ശക്തികളായി (കൊലൊ. 2:15), അല്ലെങ്കിൽ മതപരമായ ജീവിതത്തിന്റെ പ്രാഥമിക തത്വങ്ങളായി, മതത്തിന്റെ ആദ്യാക്ഷരങ്ങൾ (എബ്രാ. 5:12). ക്രിസ്തുവിന്റെ വരവിനു മുൻപ് മാനവികതയുടെ അന്തസ്സ് "ശിശുക്കളുടേത്" ആയിരുന്നുവെന്ന് പൗലൊസ് ഊന്നിപ്പറയുന്നത് (ഗലാ. 4:1-3) സൂചിപ്പിക്കുന്നത് മതപരമായ ജീവിതത്തിന്റെ അടിസ്ഥാന തത്വങ്ങളെയാണ്. അങ്ങനെയെങ്കിൽ പൗലൊസ് പറയുന്നത് പഴയനിയമകാലം അതിന്റെ ന്യായപ്രമാണങ്ങളോടും യാഗങ്ങളോടും, രക്ഷയുടെ പ്രാഥമിക പാഠങ്ങൾ വരച്ചുകാട്ടിയ

വെറു മൊരു ആദ്യ സുവിശേഷമായിരുന്നിവെന്നാണ്. അപ്രകാരം യിസ്രയേലിന് കർമ്മാചാരപരമായ ന്യായപ്രമാണം അതിന്റെ നിർദ്ദേശങ്ങളോടെ യിസ്രയേലിന് പ്രധാനമായിരുന്നതുപോലെ, വുരവാനിരുന്നതിന്റെ നിഴൽ മാത്രമായിരുന്നു അവ. അവ ഒരിക്കലും ക്രിസ്തുവിന്റെ സ്ഥാനം ഏറ്റെടുക്കാൻ ഉദ്ദ്യേശിച്ചുള്ളവ ആയിരുന്നില്ല. ക്രിസ്തുവിന് പകരം ഈ നിയമങ്ങൾക്ക് ചുറ്റും ഒരുവന്റെ ജീവൻ ക്രമീകരിക്കുക എന്നത് കാലത്തിനു പിന്നിലേക്ക് പോകുന്നതുപോലെ ആയിരുന്നു. ഗലാത്യർക്ക് ക്രിസ്തുവന്നതിനുശേഷവും ഈ അടിസ്ഥാന കാര്യങ്ങളിലേക്ക് തിരികെ പോകുക യെന്നത് പൗലൊസിന്റെ ഉപമയിലെ മൂത്ത പുത്രൻ വീണ്ടും ഒരു ശിശുവാകാൻ ആഗ്രഹിക്കുന്നതുപോലെയാണ്!

**ഒരു ശിശുവിനെ പോലെയുള്ള വിശ്വാസം (മത്താ. 18:3) പ്രസാദാത്മക മാണെങ്കിലും, അത് ആത്മീയ പക്വതക്ക് തുല്യമാണോ? അതോ നിങ്ങൾ കൂടുതൽ ആത്മീയമായി വളരുന്നതനുസരിച്ച്, നിങ്ങളുടെ വിശ്വാസം കൂടുതൽ ശിശുതുല്യമാക്കുമോ? എത്ര ശിശുതുല്യവും "നിഷ്ക്കളങ്കവും" ആശ്രയിക്കത്തെ ക്കതുമാണ് നിങ്ങളുടെ വിശ്വാസം?**

**ചൊവ്വ** **ആഗസ്റ്റ് 15**

**"ദൈവം തന്റെ പുത്രനെ അയച്ചു"**

**''എന്നാൽ കാല സമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴിൽ ജനിച്ചവനായി നിയോഗിച്ചയച്ചത്" (ഗലാ. 4:4).**

സമ്പൂർണ്ണത എന്ന വാക്ക് പൗലൊസ് തെരഞ്ഞെടുത്തത് സൂചിപ്പിക്കുന്നത് മാനവ ചരിത്രത്തിൽ അവന്റെ ഉദ്ദ്യേശ്യം പ്രാവർത്തികമാക്കുന്നതിൽ ദൈവത്തിന്റെ ക്രീയാത്മക പങ്കിനെയാണ്. യേശു ഏതെങ്കിലുമൊരു സമയത്ത് വന്നതല്ല; അവൻ വന്നത് ദൈവം തയ്യാറാക്കിയ കൃത്യമായ സമയത്താണ്. ചരിത്രപരമായ കാഴ്ചപ്പാടി ലൂടെ, ആ സമയത്തെ പാക്സ് റൊമാനാ Pax Romana (റോമിന്റെ സമാധാനം) എന്നറിയപ്പെടുന്നു, റോമാ സാമ്രാജ്യത്തിലുടനീളം താരതമ്യേന സമാധാനവും സ്ഥിരതയും നിലനിന്നിരുന്ന 200 വർഷകാലയളവ് റോം മെഡിറ്ററേനിയൻ ലോകം പിടിച്ചടക്കിയതിലൂടെ, ഒരു പൊതുഭാഷ, യാത്രാ സൗകര്യങ്ങൾ, സുവിശേഷം അതിവേഗം പരക്കാൻ സഹായകമായ ഒരു പൊതു സംസ്ക്കാരം എന്നിവ വന്നു ച്ചേർന്നു. ഒരു വേദപുസ്തകപരമായ കാഴ്ചപ്പാടിൽ നിന്ന്, വാഗ്ദത്ത മശിഹയുടെ ദാനി. 9:24 –27 കാണുക) വരവിനായി ദൈവം നിയോഗിച്ച സമയവും അതായിരുന്നു.

**നമ്മെ വീണ്ടെടുക്കുന്നതിനായി ക്രിസതു എന്തിനാണ് നമ്മുടെ മനുഷ്യവേഷം കൈകൊണ്ടത്? യോഹ. 1:14; ഗലാ. 4: 4,5; റോമ. 8: 3,4; 2 കൊരി. 5:21; ഫിലി. 2:5–8; എബ്രാ. 2:14–18; 4:14,15.**

തിരുവെഴുത്തിൽ സുവിശേഷത്തിന്റെ ഏറ്റവും സംക്ഷിപ്തമായ രേഖ ഗലാ. 4:4,5–ൽ കാണപ്പെടുന്നു. യേശുവിന്റെ മാനവിക ചരിത്രത്തിലേക്കുള്ള വരവ് യാദൃശ്ചികത ആയിരുന്നില്ല "ദൈവം തന്റെ പുത്രനെ അയച്ചു" മറ്റൊരു വിധത്തിൽ,

നമ്മുടെ രക്ഷയിൽ ദൈവം മുൻകയ്യെടുത്തു. ക്രിസ്തുവിന്റെ നിത്യമായ ദൈവികത്വം (യോഹ. 1:1 -3, 18; ഫിലി. 2:5-9; കൊലൊ. 1:15-17) എന്ന അടിസ്ഥാന ക്രിസ്തീയ വിശ്വാസവും ഈ വാക്കുകളിൽ അന്തർലീനമാണ്. ദൈവം ഒരു സ്വർഗ്ഗീയ ദൂതനെ അയച്ചില്ല അവൻ സ്വയം വന്നു.

അവൻ ആദിമുതൽക്കേ ദൈവത്തിന്റെ ദിവ്യമായ പുത്രനാണെങ്കിലും, യേശു "സ്ത്രീയിൽനിന്ന് പിറന്നവൻ" കൂടിയാണ്. ഈ പദപ്രയോഗത്തിൽ കന്യകാജന്മം അന്തർലീനമാണെങ്കിലും, അതു കൂടുതൽ സുവിശേഷമായി അവന്റെ യഥാർത്ഥ മനുഷ്യത്വത്തെ ഉറപ്പിക്കുന്നു. "ന്യായപ്രമാണത്തിൻ കീഴിൽ" എന്ന പദപ്രയോഗം യേശുവിന്റെ യെഹൂദാ പൈതൃകത്തിലേക്ക് മാത്രമല്ല വിരൽചൂണ്ടുന്നത്. പിന്നെയോ അവൻ നമ്മുടെ ശിക്ഷാവിധിയും വഹിച്ചു എന്ന വസ്തുതയിലേക്കും.

നമുക്ക് നമ്മെത്തന്നെ രക്ഷിക്കുവാൻ കഴിയാത്തതുകൊണ്ട് യേശു മനുഷ്യ രൂപം കൈകൊള്ളേണ്ടത് ആവശ്യമായിരുന്നു. അവന്റെ ദിവ്യപ്രകൃതത്തെ വീഴ്ച ഭവിച്ച നമ്മുടെ പ്രകൃതവുമായി യോജിപ്പിച്ച്, അവൻ നിയമപരമായി നമ്മുടെ പകര ക്കാരനും, രക്ഷകനും മഹാപുരോഹിതനുമാകാൻ യോഗ്യത നേടി. രണ്ടാം ആദാം എന്ന നിലയിൽ, ഒന്നാം ആദാം അനുസരണക്കേടിലൂടെ (റോമ. 5:12-21) നഷ്ടമാക്കി യതെല്ലാം വീണ്ടെടുക്കാനാണ് അവൻ വന്നത്. അവന്റെ അനുസരണത്തിലൂടെ അവൻ ന്യായപ്രമാണത്തിന്റെ ആവശ്യങ്ങൾ പൂർണമായി നിറവേറി, അപ്രകാരം ആദാമിന്റെ ദാരുണമായ പരാജയം വീണ്ടെടുത്തു. ക്രൂശിലെ അവന്റെ മരണത്തി ലൂടെ, അവൻ ന്യായപ്രമാണത്തിന്റെ നീതി നിർവ്വഹിച്ചു. അതിൽ പാപിയുടെ മരണം സമർപ്പണത്തോടും വിശ്വാസത്തോടും അവങ്കലേക്ക് വന്ന ആരെയും വീണ്ടെടുക്കു വാനുള്ള അവകാശം അവൻ നേടിയെടുത്തു.

**ബുധൻ** **ആഗസ്റ്റ് 16**

**ദത്തെടുക്കലിന്റെ വിശേഷാധികാരങ്ങൾ (ഗലാ. 4:5-7)**

ഗലാ. 4:5-7 ൽ, ക്രിസ്തു ഇപ്പോൾ "ന്യായപ്രമാണത്തിൻ കീഴിലായവരെ" (4,5 വാക്യങ്ങൾ) വീണ്ടെടുത്തു എന്ന് ഊന്നിപ്പറഞ്ഞുകൊണ്ട്, പൗലൊസ് അവന്റെ കേന്ദ്രആശയം വിപുലീകരിക്കുന്നു. വീണ്ടെടുക്കുക എന്ന വാക്കിന്റെ അർത്ഥം "തിരികെ വാങ്ങുക" എന്നാണ്. ഒരു അടിമയുടെയോ ജാമ്യത്തടവുകാരന്റെയോ വിടുതലിനായി കൊടുക്കുന്ന വിലയെയാണ് അത് സൂചിപ്പിക്കുന്നത്. ഈ പശ്ചാ ത്തലം ചൂണ്ടിക്കാണിക്കുന്നതുപോലെ, വീണ്ടെടുപ്പ് ഒരു നിഷേധാത്മക പശ്ചാത്ത ലത്തെ സൂചിപ്പിക്കുന്നു: ഒരു വ്യക്തി സ്വതന്ത്രമാക്കപ്പെടേണ്ട ആവശ്യമുണ്ട്.

എന്നാൽ പിന്നെ എന്തിൽനിന്നാണ് നാം സ്വതന്ത്രമാക്കപ്പെടേണ്ടത്? മറ്റ് കാര്യ ങ്ങൾക്കുള്ളിൽ പുതിയനിയമം 4 കാര്യങ്ങൾ അവതരിപ്പിക്കുന്നു:

(1) പിശാചിൽനിന്നും അവന്റെ കുശലങ്ങളിൽനിന്നും സ്വതന്ത്രമാക്കപ്പെടുന്നു (എബ്രാ. 2:14,15).

(2) സ്വാതന്ത്ര്യം (1 കൊരി. 15:56,57).

(3) പ്രകൃതത്താൽ നമ്മെ അടിമയാക്കുന്ന പാപത്തിൽനിന്നും സ്വതന്ത്രമാക്കപ്പെടുക (റോമ. 6:22).

(4) ന്യായപ്രമാണത്തിന്റെ ശിക്ഷാവിധിയിൽനിന്നുള്ള സ്വാതന്ത്ര്യം (റോമ. 3:19–24; ഗലാ. 3:13; 4:5).

**നമുക്ക് അവനിലുള്ള വീണ്ടെടുപ്പിലൂടെ ക്രിസ്തു നമുക്കുവേണ്ടി എന്ത് പ്രസാദാത്മക ഉദ്ദേശ്യമാണ് നേടിയിട്ടുള്ളത്? ഗലാ. 4:5–7; എഫെ. 1:5; റോമ. 8:15,16,23; 9:4,5.**

നാം പലപ്പോഴും ക്രിസ്തു നമുക്കുവേണ്ടി നേടിയതിനെ "രക്ഷ" എന്ന് പറയുന്നു. ഇത് സത്യമാണെങ്കിലും, ഈ വാക്ക് പൗലൊസ് ഉപയോഗിക്കുന്ന ദത്തെടുക്കൽ ഹുയോതീഷിയ (huiothesia) പോലെ വ്യക്തമോ വിവരിക്കുന്നതോ അല്ല പൗലൊസ് മാത്രമാണ് ഈ വാക്ക് ഉപയോഗിക്കുന്ന പുതിയനിയമ എഴുത്തുകാരനെങ്കിലും ഗ്രീക്ക് റോമൻ ലോകത്തിൽ ദത്തെടുക്കൽ എന്നത് പരക്കെ അറിയപ്പെട്ടിരുന്ന ഒരു നിയമപ്രക്രിയയായിരുന്നു. നിയമപരമായ അവകാശികളില്ലാതിരുന്നപ്പോൾ നിരവധി റോമാ ചക്രവർത്തിമാർ പൗലൊസിന്റെ ജീവിതകാലത്തുതന്നെ പിൻഗാമികളെ കണ്ടെത്താൻ ഈ മാർഗ്ഗം സ്വീകരിച്ചിരുന്നു. ദത്തെടുക്കൽ നിരവധി വിശേഷാധികാരങ്ങൾ ഉറപ്പാക്കി: (1) ദത്തുപുത്രൻ ദത്തെടുക്കുന്ന ആളിന്റെ യഥാർത്ഥ പുത്രനാകുന്നു.

(2) ദത്തെടുക്കുന്നയാൾ കുട്ടിയെ ആഹാരവും വസ്ത്രവും നൽകി ശരിയായ രീതിയിൽ വളർത്തിക്കൊണ്ട് വരാമെന്ന് സമ്മതിക്കുന്നു. (3) ദത്തുപുത്രനെ ദത്തെടുത്തയാൾക്ക് ഉപേക്ഷിക്കാനാകില്ല (4) ആ കുട്ടിയെ അടിമത്തത്തിലേക്ക് തള്ളിവിടാനാകില്ല (5) കുട്ടിയുടെ യഥാർത്ഥ രക്ഷകർത്താവിന് കുട്ടിയെ തിരികെപ്പെടുക്കാനാകില്ല. (6) ദത്തെടുക്കൽ സകല സ്വത്തുക്കളുടെയും അവകാശം സ്ഥാപിക്കുന്നു. "Derek R. More - Crispin "Galatians 4:1-9: The use and Abuse of paralles," The Evangelical Quarterly, Vol. L XI/ no. 3 (1989) p. 216.

ഭൗതീക തലത്തിൽ ഈ അവകാശങ്ങളെല്ലാം ഇത്ര ഉറപ്പുള്ളതാണെങ്കിൽ, ദൈവത്തിന്റെ ദത്തു പുത്രീപുത്രന്മാരായ നമുക്ക് എത്രയധികം വിശേഷാധികാരങ്ങളാണുള്ളതെന്ന് ഒന്ന് ഭാവന ചെയ്ത് നോക്കൂ.

**ഇന്ന് പപ്പാ എന്നോ ഡാഡി എന്നോ വിളിക്കുന്നതുപോലെ അവരുടെ പിതാക്കന്മാരെ ഏറ്റവും അടുപ്പത്തോടെ കുഞ്ഞുങ്ങൾ വിളിച്ചിരുന്ന എബ്രായ വാക്കാണ് അബ്ബാ എന്ന തിരിച്ചിറിവോടെ ഗലാ. 4:6 വായിക്കുക. യേശു അത് പ്രാർത്ഥനയിൽ ഉപയേഗിച്ചു (മർക്കൊ. 14:36), ദൈവവുമായുള്ള ഈടാർന്ന ബന്ധം നിങ്ങൾ അസ്വദിക്കുന്നുണ്ടോ? ഇല്ലെങ്കിൽ, എന്താണ് പ്രശ്നം? ഈ അടുപ്പം കൊണ്ടുവരാൻ നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും?**

**അടിമത്തത്തിലേക്ക് എന്തിന് തിരിയണം (ഗലാ. 4:8 -20)**

ഗലാ. 4:8-20 വായിക്കുക. പൗലൊസ് ഇവിടെ എന്താണ് പറയുന്നതെന്ന് ചുരുക്കിപ്പറയുക. ഗലാത്യർക്കിടയിലുള്ള വ്യാജ ഉപദേശത്തെ എത്ര ഗൗരവമായാണ് അവൻ എടുക്കുന്നത്?

പൗലൊസ് കൃത്യമായി ഗലാത്യരുടെ മതപരമായ ശീലങ്ങളെക്കുറിച്ച് പറയുന്നില്ല, എന്നാൽ അവന് വ്യക്തമായും ആത്മീയ അടിമത്തത്തിൽ എത്തിച്ചേർന്ന ഒരു വ്യാജ സമ്പ്രദായം മനസ്സിലുണ്ട്. നിശ്ചയമായും അവൻ അത് വളരെ അപകടകരമായും നാശകരമായും കണക്കാക്കുകയും അതിന്റെ ഫലമായി ഒരു വികാരനിർഭരമായ കത്തെഴുതുകയും ചെയ്തു, അതിൽ അവൻ അവരോട് അവർ ചെയ്യുന്നത് പുത്രത്വത്തിൽ നിന്ന് അടിമത്തത്തിലേക്ക് തിരികെ പോകുന്നതിന് തുല്യമാണെന്ന് താക്കീത് ചെയ്യുകയും ചെയ്തു.

**അവൻ വിശദീകരണങ്ങളിലേക്ക് കടന്നില്ലെങ്കിലും, അവന്റെ എതിർപ്പിന് കാരണമായ എന്ത് കാര്യമാണ് ഗലാത്യർ ചെയ്തിരുന്നതെന്നാണ് പൗലൊസ് പറയുന്നത്? ഗലാ. 4:9-11**

"ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും" (ഗലാ.4:10)എന്ന പൗലൊസിന്റെ പരാമർശത്തെ അനേകരും കർമ്മാചാരപരമായ ന്യായപ്രമാണത്തിനെതിരായുള്ള ഒരു എതിർപ്പായി മാത്രമല്ല ശബ്ബത്തിനും എതിരായിരുന്നു എന്ന് വ്യാഖ്യാനിച്ചിട്ടുണ്ട്. എന്നിരുന്നാലും, അപ്രകാരമൊരു വ്യാഖ്യാനം തെളിവിനും അപ്പുറമായി പോകുന്നു, ആദ്യമായി, പൗലൊസിന് യഥാർത്ഥത്തിൽ ശബ്ബത്തിനെയോ മറ്റ് പ്രത്യേകമായ യെഹൂദാ ശീലങ്ങളെയോ എടുത്തുകാണിക്കണമായിരുന്നെങ്കിൽ, അവന് അത് പേരെടുത്ത് പറയാമായിരുന്നു എന്നത് കൊലൊ. 2:16 -ൽ നിന്നും വ്യക്തമാണ്. രണ്ടാമതായി, ഗലാത്യർ എന്നതുതന്നെയാണ് ചെയ്യുന്നതെങ്കിലും, അതവരെ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിൽ നിന്നും അടിമത്തത്തിലേക്ക് നയിച്ചിരിക്കുന്നു എന്ന് പൗലൊസ് വ്യക്തമാക്കുന്നു.

"ഏഴാം ദിന ശബ്ബത്ത് ആചരണം ഒരു വ്യക്തിയെ അടിമത്തത്തിന് വിധേയനാകുന്നുവെങ്കിൽ, ലോകത്തിലെ ആദ്യ ശബ്ബത്ത് അനുഷ്ഠിച്ചതിലൂടെ സ്രഷ്ടാവ് തന്നെ അടിമത്തത്തിലേക്ക് പ്രവേശിച്ചു എന്ന് വരും!" The SDA Bible Commentary, Vol. 6, P. 967.

അതിന്റെ ശരിയായ ആചരണം ഏതെങ്കിലും വിധത്തിൽ ജനങ്ങൾക്ക് അവനിലുള്ള സ്വാതന്ത്ര്യം അപഹരിക്കുമെങ്കിൽ, എന്തുകൊണ്ടാണ് യേശു ശബ്ബത്ത് അനുഷ്ഠിച്ചത് എന്ന് മാത്രമല്ല, അത് എങ്ങനെ പാലിക്കണം എന്ന് മറ്റുള്ളവരെ പഠിപ്പിച്ചതും? (മർക്കൊ. 2:27,28; ലൂക്കോ. 13:10-16 കാണുക).

**നമുക്ക് ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിൻ നിന്ന് നമ്മെ അകറ്റുന്ന എന്തെങ്കിലും ശീലങ്ങൾ സെവന്ത്-ഡേ അഡ്വന്റിസ്റ്റുകളിൽ ഉണ്ടായിരിക്കുമോ? അതോ ആ ശീലങ്ങൾ സ്വയമായി പ്രശ്നകാരണമുണ്ടാകുന്നതിന് പകരം, ആ ശീലങ്ങളോടുള്ള നമ്മുടെ മനോഭാവം എന്താണ്? എങ്ങനെയാണ് ഒരു**

**തെറ്റായ മനോഭാവം പൗലൊസ് ഗലാതൃരെ ഉഗ്രമായി താക്കീത് ചെയ്ത തരത്തിലുള്ള അടിമത്തത്തിലേക്ക് നമ്മെ നയിക്കാൻ കഴിയുക?**

**വെള്ളി** **ആഗസ്റ്റ് 19**

**കൂടുതൽ ചിന്ത:**

"ലംഘനക്കാരെങ്കിലും, അവർ അവരുടെ അനുസരണക്കേടിൽ നശിച്ചു പോകാതെ, അവരുടെ ഉറപ്പും പകരക്കാരനുമായ ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ, യേശുക്രിസ്തു അവന്റെ സ്വന്തം ഇഷ്ടത്താൽ അതീവ സന്തോഷത്തോടെ, ദൈവത്തിന്റെ മുൻനിർണ്ണപ്രകാരമുള്ള മക്കളായി തിരഞ്ഞെടുക്കപ്പെടേണ്ടതിനു സ്വർഗ്ഗീയ സമിതിയിൽ മുൻകരുതൽ നടപടികൾ ചെയ്തിരുന്നു. എല്ലാ മാനുഷ്യരും രക്ഷുപ്പെടണമെന്ന് ദൈവം ഇച്ഛിക്കുന്നു; കാരണം അവന്റെ ഏകജാതനെ മറുവിലയായി കൊടുത്തതിലൂടെ ആവശ്യമായ നടപടികൾ എടുത്തു കഴിഞ്ഞിരുന്നു. നശിക്കുന്നവർ നശിക്കുന്നതിനെ കാരണം ക്രിസ്തു യേശുവിലൂടെ ദൈവത്തിന്റെ മക്കളായി ദത്തെടുക്കുന്നതിന് അവർ വിസമ്മതിച്ചതുകൊണ്ടാണ്. രക്ഷയുടെ കരുതൽ നടപടികൾ സ്വീകരിക്കുന്നതിൽ നിന്ന് മനുഷ്യനെ തടയുന്നത് അവന്റെ അഹന്തയാണ്. എന്നാൽ മനുഷ്യ മികവ് ഒരാത്മാവിനെപോലും ദൈവസന്നിധിയിലേക്ക് പ്രവേശിപ്പിക്കില്ല. ദൈവത്തിന് ഒരു മനുഷ്യനെ സ്വീകാര്യനാക്കുന്നത് അവന്റെ നാമത്തിലുള്ള വിശ്വാസത്തിലൂടെ നൽകപ്പെടുന്ന ക്രിസ്തുവിന്റെ കൃപയാണ്. മനുഷ്യർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടു എന്നതിന് തെളിവായി സന്തോഷകരമായ അനുഭവങ്ങളിലോ പ്രവൃത്തികളിലോ ആശ്രയിക്കാൻ കഴിയില്ല. കാരണം വിശിഷ്ടമായവർ തിരഞ്ഞെടുക്കപ്പെടുന്നത്. ക്രിസ്തുവിലൂടെ യാണ്." - EGW, " Chose in Christ," Signs of the Times, January 2, 1893

**ചർച്ചാ ചോദ്യങ്ങൾ :**

1. ദൈവത്തോടുള്ള നമ്മുടെ നടപ്പിൽ കുഞ്ഞുങ്ങളെപ്പോലെ ആയിരിക്കുക. എന്ന ആശയം എന്ത് അർത്ഥമാക്കുന്നു അല്ലെങ്കിൽ അർത്ഥമാക്കുന്നില്ല എന്നതിനെക്കുറിച്ച് കൂടുതൽ ചിന്തിക്കുക. ദൈവവുമായുള്ള നമ്മുടെ ബന്ധവും വിശ്വാസം സംബന്ധിച്ച് കുഞ്ഞുങ്ങളുടെ എന്ത് സ്വഭാവങ്ങളാണ് നാം അനുകരിക്കേണ്ടത്? അതേ സമയം, ഈ ആശയത്തെ അളവിൽ കവിഞ്ഞ് നാം കൊണ്ടുപോകാവുന്ന വഴികൾ ഏതെല്ലാമാണ്? ചർച്ച ചെയ്യുക.

2. വിശ്വാസത്താൽ മാത്രം രക്ഷ, കൃപ എന്ന ആശയം എന്നിവയെക്കുറിച്ച് മനുഷ്യർ ഇത്ര ഭയക്കാൻ കാരണമെന്ത്? സാധ്യമായിരുന്നെങ്കിൽ, അവരുടെ പ്രവൃത്തികളിലൂടെ രക്ഷ നേടാൻ അനേകർ ശ്രമിക്കാൻ കാരണമെന്ത്?

3. ഒരു ക്ലാസ്സെന്ന നിലയിൽ, വ്യാഴാഴ്ചയിലെ പാഠത്തിന്റെ അവസാന ചോദ്യത്തിലൂടെ കടന്നുപോകുക. സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ നാം സ്വതന്ത്രമാക്കപ്പെട്ട അടിമത്തത്തിലേക്ക് ഏതെല്ലാം വഴികളിലാണ് നമുക്ക് പോകാൻ കഴിയുക? ഇത് നമുക്ക് എങ്ങനെ സംഭവിക്കും, അത് സംഭവിച്ചാൽ നമുക്കെങ്ങനെ അറിയാൻ കഴിയും, നമുക്ക് എങ്ങനെ വിടുവിക്കപ്പെടുവാൻ കഴിയും?

**സംഗ്രഹം :** ക്രിസ്തുവിൽ നാം ദൈവത്തിന്റെ കുടുംബത്തിലേക്ക് പുത്രീപുത്രന്മാരായി ദത്തെടുക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ കുഞ്ഞുങ്ങൾ എന്ന നിലയിൽ, അപ്രകാരമൊരു കുടുംബബന്ധം അനുവദിക്കുന്ന എല്ലാ അവകാശങ്ങൾക്കും അധികാരങ്ങൾക്കും നമുക്ക് പ്രവേശനമുണ്ട്. ചട്ടങ്ങളുടെയും നിബന്ധനകളുടെയും അടിസ്ഥാനത്തിൽ മാത്രം ദൈവത്തോട് ബന്ധപ്പെടുത്തുന്നത് മണ്ടത്തരമായിരിക്കും. അത് ഒരു അടിമയാകുന്നതിനായി ഒരു പുത്രൻ തന്റെ സ്ഥാനം ഉപേക്ഷിക്കുന്നത് പോലെയായിരിക്കും.